(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഫയൽ തീർപ്പാക്കൽ പദ്ധതിയിലെ ക്രമക്കേടുകൾ

1 [2431] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *എം. പ്രകാശൻ മാസ്റ്റർ:*

„ *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി നടപ്പിലാക്കിയ ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതിനകം ചെലവാക്കിയ തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത്തരത്തിൽ തെറ്റായ രീതിയിൽ ഫയൽ ക്ലോസ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 31-8-2004-ൽ തീർപ്പാക്കാനുണ്ടായിരുന്ന 125266 ഫയലുകളിൽ കോടതി ഇടപെടൽ തുടങ്ങിയ കാരണങ്ങളാൽ ഉടനെ തീർപ്പാക്കാൻ കഴിയാത്ത 36150 ഫയലുകൾ ഒഴികെയുള്ള 89116 ഫയലുകളിൽ 68150 ഫയലുകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

(ബി) ഫയൽ തീർപ്പാക്കൽ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി പ്രത്യേകം പണം ചെലവായിട്ടില്ല.

(സി) ബാധകമല്ല.

സർക്കാർ സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നീതി ലഭിക്കാൻ നടപടി

2 [2432] *ശ്രീ. ബിനോയ് വിശ്വം:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *എം. കുമാരൻ:*

„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ നിന്നും യഥാസമയം ജനങ്ങൾക്ക് നീതി ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ജീവനക്കാരുടെ സംഘടനകളുമായി ഈ വിഷയം ചർച്ച ചെയ്യുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly